പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5197 — 30.06.2014-ൽ മറുപടിയ്ക്ക്

## സ്കൂൾ കുട്ടികളുടെ ആരോഗ്യപരിരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികളുടെ ആരോഗ്യപരിരക്ഷയിൽ കായികമേഖലയ്ക്ക് വലിയ പങ്ക് ഉണ്ടെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കായികവകുപ്പ് സ്വീകരിച്ചിട്ടുള്ളത് ? | (എ) & (ബി) ഉണ്ട്. കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയും വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ കേരള സ്പോർട്സ് കൗൺസിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കായികവിദ്യാഭ്യാസം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ-കായിക വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ കായികാദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പ്രൈമറി സ്കൂൾതലം മുതൽ ഓരോ കുട്ടിയേയും കായികവിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളിൽതന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിറുത്തി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതിയും, സ്കൂളിലെ എല്ലാ കുട്ടികൾക്കും നീന്തൽപരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്വിം എൻ സർവൈവ് പദ്ധതിയും ഈ വകുപ്പു മുഖാന്തിരം നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ